"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല പഞ്ചായത്ത് ആഫീസിലെ സീനിയർ ടൈപ്പിസ്റ്റ് ശ്രീമതി. നസീമ. എ- യ്ക്ക് ശ്വാസകോശ സംബന്ധമായ അസുഖം കാരണം Portable Oxygen Concentrator Machine വാങ്ങിയ ഇനത്തിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2261/2023/LSGD തീയതി,തിരുവനന്തപുരം, 17-11-2023

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. ശ്രീമതി.നസീമ എ ന്റെ 12.09.2022-ലെ അപേക്ഷയും ബില്ലുകളും.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.03.2023- ലെ LSGD/PD/8021/2023-DEG1നം.കത്ത്.
4. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 15.10.2022-ലെ 5(1) നമ്പർ തീരുമാനം.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.02.2023-ലെ (എൽ.ഡിസ്) എം.ആർ 3-53288/2022/ ആ.വ.ഡ നം. കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ല പഞ്ചായത്ത് ഓഫീസിലെ സീനിയർ ടൈപ്പിസ്റ്റ് ശ്രീമതി. നസീമ.എ- യ്ക്ക് ശ്വാസകോശ സംബന്ധമായ അസുഖം കാരണം Portable Oxygen Concentrator Machine വാങ്ങിയ ഇനത്തിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർ ശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് ചെലവായ 2,30,998/- രൂപ (രണ്ടു ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ടിയാൾക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് പ്രിൻ സിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. മേൽ തുക പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ല പഞ്ചായത്ത് ഓഫീസിലെ സീനിയർ ടൈപ്പിസ്റ്റ് ശ്രീമതി. നസീമ.എ- യ്ക്ക് ശ്വാസകോശ സംബന്ധമായ അസുഖം കാരണം Portable Oxygen Concentrator Machine വാങ്ങിയ ഇനത്തിൽ ചെലവായ 2,30,998/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 2,30,998/- രൂപ (രണ്ടു ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) KGSMA Rules, 1960 ചട്ടങ്ങൾക്ക് വിധേയമായി, പ്രസ്തുത ചികിത്സയ്ക്ക് ടിയാൾ പലിശ രഹിത ചികിത്സാ വായ്പ എടുത്തിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയിലും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത

എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, പത്തനംതിട്ട ജില്ല.(പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത് ആഫീസ്, പത്തനംതിട്ട ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ശ്രീമതി. നസീമ എ, സീനിയർ ടൈപ്പിസ്റ്റ്, ജില്ലാ പഞ്ചായത്ത് ആഫീസ്, പത്തനംതിട്ട ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/184/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 18-11-2023 11:53:44
സെക്ഷൻ ഓഫീസർ